# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### വാണിജ്യസമുച്ചയങ്ങളിൽ പാർക്കിംഗ് ഫീസ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2739 09.05.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വലിയ വാണിജ്യസമുച്ചയങ്ങളിൽ പാർക്കിംഗ് ഏരിയ നിർബന്ധമാണോ; കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇക്കാര്യത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്; വിശദമാക്കുമോ; | (എ) | വലിയ വാണിജ്യ കെട്ടിങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വാഹന പാർക്കിംഗ് സൗകര്യം നിർബന്ധമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങി- ളിലെ ചട്ടം 38 എന്നിവയിൽ പാർക്കിംഗ് സൗകര്യം സംബന്ധിച്ച വ്യവസ്ഥകൾ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ഒക്യുപൻസികൾക്ക് വിവിധ നിരക്കിലുള്ള കാർ പാർക്കിംഗ് സൗകര്യമാണ് നിഷ്കർഷിച്ചിരിക്കുന്നത്. കൂടാതെ ടൂ-വീലർ പാർക്കിംഗ്, ലോഡിംഗ്-അൺ ലോഡിംഗ് സൗകര്യം എന്നിവയെപ്പറ്റിയും വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചട്ട പ്രകാരമുള്ള തുറന്ന സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞ് തിരിയുന്നതിനുള്ള സഞ്ചാര സൗകര്യ സ്ഥലവും ഉള്ള പക്ഷം, ആ തുറന്ന സ്ഥലത്തിന്റെ 50% കവിയാതുള്ള സ്ഥലം ആവശ്യമായ പാർക്കിംഗ് സ്ഥലം കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഇത്തരം വാണിജ്യ-സമുച്ചയങ്ങളിൽ പാർക്കിംഗിനു ഫീസ് പിരിക്കുന്നതിന് ബന്ധ-പ്പെട്ട വാണിജ്യസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ ആർ ക്കെല്ലാമാണ് പാർക്കിംഗ് ഫീസ് ഈടാക്കുന്ന-തിന് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ഇല്ല. |
| (സി) | അനുമതി ഇല്ലെങ്കിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീക-രിച്ച നടപടികൾ എന്തെല്ലാമാണ്; സ്ഥാപനങ്ങൾ ഏതെല്ലാമാണെ-ന്നതുൾ പ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ